# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1799 — 31.01.2018 -ൽ മറുപടിക്ക്

## വഖഫ് ബോർഡ് ജീവനക്കാരുടെ നിയമനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പാറക്കൽ അബ്ദുല്ല : | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) |
| (എ) വഖഫ് ബോർഡ് ജീവനക്കാരുടെ നിയമനങ്ങൾ പി.എസ്.സിക്ക് വിടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. വഖഫ് ബോർഡ് ജീവനക്കാരുടെ നിയമനങ്ങൾ പി.എസ്.സിക്ക് വിട്ടുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഓർഡിനൻസ് ബില്ല് ആയി നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) 1995 ൽ ഇൻഡ്യൻ പാർലമെന്റ് പാസ്സാക്കിയ വഖഫ് ആക്റ്റിനു വിരുദ്ധമാണ് ഈ തീരുമാനം എന്നു കരുതുന്നുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) വഖഫ് ആക്റ്റ് അനുസരിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച കേരള സംസ്ഥാന വഖഫ് ബോർഡ് റഗുലേഷൻസ് 2016 പ്രകാരം ജീവനക്കാരുടെ നിയമാധികാരം ബോർഡിൽ നിക്ഷിപ്തമായിരുന്നു. എന്നാൽ കാര്യക്ഷമതയും ഉത്തരവാദിത്തവും നൈപുണ്യതയുമുള്ള ജീവനക്കാരുടെ സേവനം ബോർഡിന് മുതൽക്കൂട്ടാകുമെന്നതിനാലും നിയമനങ്ങൾ പി.എസ്.സി വഴിയാകണമെന്ന സംസ്ഥാന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലും 19-07-16-ൽ ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബോർഡ് ചെയർമാൻ, മെമ്പർമാർ എന്നിവരുൾപ്പെട്ട യോഗത്തിൽ ബോർഡിൽ ഒഴിവ് വരുന്ന തസ്തികകളിലേയ്ക്ക് പി.എസ്.സി മുഖേന നിയമനം നടത്തുവാൻ തീരുമാനമെടുക്കുകയും അതിനനുസരിച്ച് റഗുലേഷനിൽ ഭേദഗതി വരുത്താനുള്ള നടപടികൾ ആരംഭിക്കുകയുമുണ്ടായി. ഇത് കേന്ദ്ര ആക്റ്റിന് വിരുദ്ധമായ നടപടിയല്ല. |

| | |
|---|---|
| (സി) മതവിശ്വാസികളും മുസ്ലീം സ്ഥാപനങ്ങളോട് പ്രതിബദ്ധതയുള്ളവരുമാണ് വഖഫ് ബോർഡിലെ ചുമതല നിർവഹിക്കാൻ കൂടുതൽ അഭികാമ്യമെന്നിരിക്കെ വഖഫ് ബോർഡ് നിയമനം പി.എസ്.സി ക്ക് വിടുന്നതിലൂടെ ഇത് പൂർണ്ണമായും സംരക്ഷിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ; | (സി) വഖഫ് ബോർഡിലെ പി.എസ്.സി. നിയമനങ്ങൾ മുസ്ലീം സമുദായത്തിനുമാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) എങ്കിൽ ദേവസ്വം ബോർഡ് നിയമനങ്ങൾ പോലെ വഖഫ് ബോർഡ് ജീവനക്കാരുടെ നിയമനങ്ങളും ബോർഡിൽ തന്നെ നിക്ഷിപ്തമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) സ്ഥിരം തസ്തികകളിലേക്കുള്ള എല്ലാ നിയമനങ്ങളും പി.എസ്.സി മുഖേന നടത്തുകയെന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. കേരള സംസ്ഥാന വഖഫ് ബോർഡിൽ കാര്യക്ഷമതയും ഉത്തരവാദിത്വവും വൈദഗ്ധ്യവും ഉള്ള ജീവനക്കാരുടെ സേവനം ലഭ്യമാക്കുക എന്നതാണ് പി.എസ്.സി മുഖേനയുള്ള നിയമനം വഴി സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ